"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - സ്റ്റുഡിയോ, ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, തിയേറ്റർ സമുച്ചയം എന്നിവയുടെ നിർമ്മാണത്തിനായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ വരുന്ന അതോറിറ്റിയുടെ അധീനതയിലുള്ള സ്ഥലം കെ.എസ്.എഫ്.ഡി.സി.ക്ക് വാർഷിക വാടക ഈടാക്കി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്

G.O.(Rt)No.1015/2020/LSGD തീയതി,തിരുവനന്തപുരം, 31/05/2020

---

പരാമർശം:- 1 ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.12.2019-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

2 ജിസിഡിഎ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 28.01.2020-ലെ 186/2019-20-ലെ നമ്പർ തീരുമാനം.

3 ജിസിഡിഎ സെക്രട്ടറിയുടെ 04.02.2020-ലെ 6886/എസ്റ്റേറ്റ്/ബി-1/2019/ജിസിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.എഫ്.ഡി.സി)ന്റെ നേതൃത്വത്തിൽ സ്റ്റുഡിയോ, ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, തിയേറ്റർ സമുച്ചയം എന്നിവയുടെ നിർമ്മാണത്തിനായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ വരുന്ന വിശാല കൊച്ചി വികസന അതോറിറ്റിയുടെ അധീനതയിലുള്ള സ്ഥലം പാട്ടത്തിന് അനുവദിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി പരാമർശം(1) പ്രകാരം ചേർന്ന യോഗത്തിൽ, സ്റ്റുഡിയോ/ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്/തിയേറ്റർ സമുച്ചയം നിർമ്മാണത്തിനായി കൊച്ചി നഗരസഭാ പരിധിയിൽ അതോറിറ്റിയുടെ അധീനതയിലുള്ള കടവന്ത്രയിലെ 35 സെന്റ് ഭൂമിയും കാക്കനാട്ടെ 75 സെന്റോളം വരുന്ന ഭൂമിയും കെ.എസ്.എഫ്.ഡി.സി.ക്ക് ലഭ്യമാക്കാൻ ജി.സി.ഡി.എ. ചെയർമാൻ സന്നദ്ധത അറിയിച്ചു. പ്രസ്തുത പദ്ധതിയുടെ വാണിജ്യപരമായ ലക്ഷ്യങ്ങൾക്ക് പുറമെ കലാ-സാംസ്കാരികപരമായ ലക്ഷ്യങ്ങൾ, ഇത് മൂലം സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ എന്നിവ കൂടി കണക്കിലെടുത്ത് കെ.എസ്.എഫ്.ഡി.സി.യും ജി.സി.ഡി.എ.യും തമ്മിൽ ചർച്ച ചെയ്ത് തയ്യാറാക്കിയ ഉടമ്പടി അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വെച്ച് തീരുമാനം എടുത്ത ശേഷം തുടർനടപടികൾക്കായി സർക്കാരിൽ സമർപ്പിക്കാൻ പരാമർശം (1) പ്രകാരം തീരുമാനിച്ചു.

2) ടി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജി.സി.ഡി.എ., കെ.എസ്.എഫ്.ഡി.സി-യുമായി ചർച്ച നടത്തുകയും, 28/01/2020-ൽ ചേർന്ന ജി.സി.ഡി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി, കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനമാണ് കെ.എസ്.എഫ്.ഡി.സി. എന്നതും സാമൂഹ്യ പ്രതിബദ്ധതയും കണക്കിലെടുത്ത് അതോറിറ്റിയുടെ കടവന്ത്രയിലെ എളംകുളം വില്ലേജിലെ

സർവ്വേ നമ്പർ 378/01-ൽ പ്പെട്ട 30 സെന്റ് സ്ഥലത്തിന് 20 ലക്ഷം രൂപയും കാക്കനാട് തൃക്കാക്കര വില്ലേജ് (Old) സർവ്വേ നമ്പർ 319/3-6 (Old)-ൽ പ്പെട്ട 80 സെന്റ് സ്ഥലത്തിന് 25 ലക്ഷം രൂപയും വാർഷിക വാടക ഈടാക്കി അനുവദിക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനത്തിന് കേരള ടൗൺ & കൺട്രി പ്ലാനിംഗ് (ഡവലപ്മെന്റ് അതോറിറ്റീസ്) റൂൾസ്, 2015, റൂൾ 47 പ്രകാരമുള്ള അനുമതി നൽകുന്നതിനായി ജി.സി.ഡി.എ സെക്രട്ടറി പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.എഫ്.ഡി.സി, കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനമായതിനാലും പ്രസ്തുത പദ്ധതിയുടെ വാണിജ്യപരമായ ലക്ഷ്യങ്ങൾക്ക് പുറമെ കലാ-സാംസ്കാരികപരമായ ലക്ഷ്യങ്ങൾ, ഇത് മൂലം സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ എന്നിവ കണക്കിലെടുത്തും, ജി.സി.ഡി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി കെ.എസ്.എഫ്.ഡി.സി.ക്ക് വാർഷിക വാടക ഈടാക്കി സ്ഥലം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുള്ളതിനാലും ജി.സി.ഡി.എ.യുടെ കടവന്ത്രയിലെ എളംകുളം വില്ലേജിലെ സർവ്വേ നമ്പർ 378/01-ൽ പ്പെട്ട 30 സെന്റ് സ്ഥലത്തിന് 20 ലക്ഷം രൂപയും കാക്കനാട് തൃക്കാക്കര വില്ലേജ് (Old) സർവ്വേ നമ്പർ 319/3-6(Old)-ൽ പ്പെട്ട 80 സെന്റ് സ്ഥലത്തിന് 25 ലക്ഷം രൂപയും വാർഷിക വാടക ഈടാക്കി കെ.എസ്.എഫ്.ഡി.സി.ക്ക് ലീസിന് നല്കുന്നതിന് കേരള ടൗൺ & കൺട്രി പ്ലാനിംഗ് (ഡവലപ്മെന്റ് അതോറിറ്റീസ്) റൂൾസ്, 2015, റൂൾ 47 പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

ചെയർമാൻ, വിശാല കൊച്ചി വികസന അതോറിറ്റി
ചെയർമാൻ, കെ.എസ്.എഫ്.ഡി.സി
സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഡി.സി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/ ഇ &ആർ.എസ്.എ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ